"ശാരീരിക അകലം
സാമൂഹിക ഒരുമ"

# കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

**ഇൻഷ്വറൻസ് ഡയറക്ടറേറ്റ് , ട്രാൻസ് ടവർ വഴുതക്കാട് തിരുവനന്തപുരം-14**

**ഫോൺ : 0471-2330096 ഇ-മെയിൽ : director.ins@kerala.gov.in**

**നമ്പർ : ഇൻഷ/ഡിവി-3/T002005047** **തീയതി: 31/03/2020**

**പ്രസിദ്ധീകരണത്തിന്**

കോവിഡ് -19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി 14-04-2020-വരെ ദേശവ്യാപകമായി 'ലോക്ക്ഡൗൺ' പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഈ കാലയളവിൽ കാലാവധി പൂർത്തിയാകുന്ന ജനറൽ ഇൻഷ്വറൻസ് പോളിസികൾ പുതുക്കുന്നതിനായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ആഫീസുകൾ സന്ദർശിക്കുന്നതിന് ബുദ്ധിമുട്ട് ഉള്ള ഇടപാടുകാർക്ക് ചുവടെ പറയും പ്രകാരം പോളിസികൾ മുടങ്ങാതെ പുതുക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

1. പുതുക്കിയ പ്രീമിയം അറിയിപ്പ് ലഭിക്കാത്ത ഇടപാടുകാർക്ക് നിലവിലുള്ള പോളിസിയുടെ പ്രീമിയം തന്നെ അടച്ച് കൊണ്ട് ഇൻഷ്വറൻസ് പരിരക്ഷ നിലനിർത്താവുന്നതാണ്. നിലവിലെ 'ലോക്ക്ഡൗൺ' പിൻവലിക്കുന്ന മുറയ്ക്ക് പുതുക്കിയ പോളിസിയുടെ പ്രീമിയവും അടവാക്കിയ പ്രീമിയവും തമ്മിൽ അന്തരം ഉണ്ടാകുന്നെങ്കിൽ അറിയിക്കുന്നതാണ്.

2. മോട്ടോർ വാഹനങ്ങളുടെ പോളിസി പുതുക്കുന്നതിന് ചുവടെ പറയുന്ന പ്രകാരം നാല് മാർഗങ്ങളിൽ ഏതെങ്കിലും ഒരു മാർഗത്തിൽ മേൽപ്പറഞ്ഞ പ്രീമിയം തുക നിലവിലുള്ള പോളിസി കാലാവധി പൂർത്തിയാകുന്നതിന് മുൻപ് അടയ്ക്കേണ്ടതാണ്. ***മോട്ടോർ വാഹനപോളിസിയൊഴികെ മറ്റ് ജനറൽ ഇൻഷ്വറൻസ് പോളിസികളിൽ ചുവടെ പറയുന്നതിൽ രണ്ടാമത്തെ മാർഗത്തിൽ(ബന്ധപ്പെട്ടജില്ലാ ഇൻഷ്വറൻസ് ആഫീസിന്റെ Current Bank Account-ൽ ഓൺലൈൻ(NEFT) ആയോ അല്ലാതെയൊ) മാത്രവും നിലവിലുള്ള പോളിസി കാലാവധി പൂർത്തിയാകുന്നതിന് മുൻപ് അടയ്ക്കേണ്ടതാണ്.***

1. e-treasury -യിൽ Challan Receipts-ൽ Departmental Receipts -ൽ Department (State Insurance) , Remittance type (ACT PREMIUM), REVENUE DISTRICT, OFFICE NAME(ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസ് ) എന്നിവ സെലക്റ്റ് ചെയ്ത് പണമടക്കുക.
2. ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസിന്റെ Current Bank Account-ൽ ഓൺലൈൻ(NEFT) ആയോ അല്ലാതെയൊ പണമടയ്ക്കുക.
3. ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസിന്റെ Treasury Savings Bank Account-ൽ ഓൺലൈൻ ആയോ അല്ലാതെയോ പണമടയ്ക്കുക.
4. 8011-00-105-98 ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട് (01-പ്രീമിയം) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ചലാൻ മുഖേന കേരള സംസ്ഥാനത്തെ ട്രഷറികളിൽ നേരിട്ടും മേൽപ്പറഞ്ഞ പ്രീമിയം തുക അടവാക്കാവുന്നതാണ്.

3. മേൽപ്പറഞ്ഞത് പ്രകാരം പ്രീമിയം തുക അടച്ചതിന്റെ രസീതോ അതു സംബന്ധിച്ച രേഖകളോ കൈവശം സൂക്ഷിക്കേണ്ടതും അത് ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസിൽ സൗകര്യപ്രദമായ സമയത്ത് ഹാജരാക്കി പോളിസി രേഖകൾ കൈപ്പറ്റാവുന്നതുമാണ്.

4. പ്രീമിയം തുക അടവാക്കിയ വിവരങ്ങൾ , തുക അടച്ച രസീത് നമ്പർ , തുക അടച്ച തീയതി, പഴയ പോളിസി നമ്പർ, പോളിസി ഉടമയുടെ പേര് /സ്ഥാപനത്തിന്റെ പേര് എന്നിവ പണമടച്ച രേഖയുടെ ഡിജിറ്റൽ പകർപ്പ് (PDF/JPEG ഫോർമാറ്റിൽ ) സഹിതം ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസറുടെ ഇ-മെയിലിൽ അയയ്ക്കേണ്ടതാണ്.

മേൽ പറഞ്ഞ ആവശ്യങ്ങൾക്കും മറ്റ് അന്വേഷണങ്ങൾക്കുമായുള്ള വകുപ്പിലെ വിവിധ ആഫീസുകളിലെ ബാങ്ക്അക്കൗണ്ട്/ ഫോൺ/ഇ-മെയിൽ വിവരങ്ങൾ **http://insurance.kerala.gov.in/docs/pdf/others/covidfinal.pdf** -ൽ നിന്ന് ലഭ്യമാകുന്നതാണ്.

കോവിഡ് -19 വ്യാപനം തടയുന്നതിനും ആ മഹാമാരിയെ പ്രതിരോധിക്കുന്നതിനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ഇടപാടുകാരോട് അഭ്യർത്ഥിക്കുന്നു.

ഒപ്പ്

**തിരുവനന്തപുരം** **ഇൻഷ്വറൻസ് ഡയറക്ടർ**

31-03-2020.